## പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : **3847** — **31.01.2014**- ലെ മറുപടിക്ക്

### സഹകരണ സംഘങ്ങളുടെ ആധുനികവൽക്കരണം

| **ചോദ്യം** | **മറുപടി** |
|---|---|
| ശ്രീ. കെ. മുരളീധരൻ<br>,, പി. എ. മാധവൻ<br>,, എ. പി. അബ്ദുള്ളക്കുട്ടി<br>,, ആർ. സെൽവരാജ് | ശ്രീ. സി.എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്തെ സഹകരണ സംഘങ്ങളുടെ ആധുനികവൽക്കരണത്തിനും പ്രൊഫഷണലിസത്തിനും ഊന്നൽ നൽകി എന്തെല്ലാം കർമ്മ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്; വിശദമാക്കുമോ ;<br><br>ബി) പദ്ധതികളുടെ വിശദാംശങ്ങൾ എന്തൊക്കെയാണ് ; | (എ) യും (ബി) യും സഹകരണ മേഖലയിൽ ത്രിതലത്തിൽ പ്രവർത്തിക്കുന്ന സഹകരണ ബാങ്കുകളിൽ ആധുനിക ബാങ്കിംഗ് സൗകര്യങ്ങൾ ഏർപ്പെടുത്തുവാൻ ഉദ്ദേശിച്ചിട്ടുണ്ട്. പ്രധാനമായും കോർ ബാങ്കിംഗ് സൊല്യൂഷൻ, നെറ്റ് ബാങ്കിംഗ് , എ.ടി.എം, ആർ.ടി.ജി.എസ്, എൻ.ഇ.എഫ്.റ്റി, മുതലായ സേവനങ്ങൾ ഉൾപ്പെടുന്ന ആധുനിക ബാങ്കിംഗ് സൗകര്യങ്ങളാണ് സഹകരണ മേഖലയിൽ ഏർപ്പെടുത്തുവാൻ നടപടി സ്വീകരിച്ചുവരുന്നത്. ജില്ലാ സഹകരണ ബാങ്കുകളുടേയും അർബൻ സഹകരണ ബാങ്കുകളുടെയും ഭരണ സമിതിയിൽ പ്രൊഫഷണൽ യോഗ്യതയുള്ള 2 പേരെ തെരഞ്ഞെടുക്കാനുള്ള വ്യവസ്ഥയുണ്ട്. 97-ാം ഭരണഘടനാഭേദഗതിയുടെ അടിസ്ഥാനത്തിൽ കേരള സഹകരണ സംഘം നിയമത്തിൽ ഭേദഗതി വരുത്തി കേരള നിയമസഭ പാസ്സാക്കിയ 2013 ലെ കേരളാ സഹകരണസംഘം ഭേദഗതി നിയമത്തിലെ (2013 ലെ 8-ാം നമ്പർ നിയമം) വകുപ്പ് 28-ൽ എല്ലാ സഹകരണ സംഘങ്ങളിലും അതാത് സംഘങ്ങളുടെ ഉദ്ദേശ്യ ലക്ഷ്യത്തിനനുസൃതമായി പ്രൊഫഷണൽ യോഗ്യതയുള്ളവരെ കോ-ഓപ്റ്റ് ചെയ്യാൻ വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| സി) എതെല്ലാം ഏജൻസികളുടെ സഹകരണമാണ് ഈ മേഖലയിൽ ഉപയോഗപ്പെടുത്താനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ; | സി) നബാർഡിന്റെ ആഭിമുഖ്യത്തിലുള്ള സ്കീമിൽ ഉൾപ്പെടുത്തി തിരുവനന്തപുരം, കൊല്ലം, കോട്ടയം വയനാട്, കോഴിക്കോട്, മലപ്പുറം , കാസർഗോഡ് ഇടുക്കി എന്നീ ജില്ലാ സഹകരണ ബാങ്കുകൾ CBS( കോർ ബാങ്കിംഗ് സൊല്യൂഷൻ) നടപ്പിൽ വരുത്തിയിട്ടുണ്ട്. അർബൻബാങ്കുകളിൽ NAFCUB - ന്റെ ആഭിമുഖ്യത്തിലും മറ്റുള്ളവ സ്വന്തമായിട്ടുമാണ് കോർ ബാങ്കിംഗ് നടപ്പിലാക്കിവരുന്നത്. പ്രാഥമിക സഹകരണ |

സംഘങ്ങളും സർവ്വീസ് സഹകരണ ബാങ്കുകളും സ്വന്തം നിലയിലാണ് കോർ ബാങ്കിംഗ് നടപ്പിലാക്കിവരുന്നത് .

ഡി) ഇതിനായി എന്തെല്ലാം പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വിശദമാക്കുമോ?

ഡി) നബാർഡിന്റെ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി കോർബാങ്കിംഗ് നടപ്പിലാക്കിയിട്ടുള്ള ജില്ലാസഹകരണ ബാങ്കുകളിലെ ഹെഡാഫീസുകളിൽ ട്രെയിനിംഗ് സെന്ററുകൾ ആരംഭിച്ച് കോർ ബാങ്കിംഗ് നടപ്പിലാക്കുന്നതിനോടൊപ്പം ജീവനക്കാർക്ക് അതിനു വേണ്ടുന്ന പരിശീലനം നൽകുന്നതിനും ബാങ്കുകൾ നടപടികൾ സ്വീകരിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ